# K.K.KIDAV MEMORIAL

# U.P.SCHOOL




# 2025-26

# ACADEMIC

# MASTERPLAN

# ആമുഖം

സമകാലിക വിദ്യാഭ്യാസ വ്യവസ്ഥയിൽ സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികളുടെ പൂർണ്ണമായ മാനസിക ഭൗതിക- സാംസ്കാരിക മാനവീയ വികസന ങ്ങൾ ലക്ഷ്യം വച്ചാണ് സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തിയിരിക്കുന്നത്. വിദ്യാർത്ഥികളുടെ പൂർണ്ണമായ മാനസിക -ഭൗതിക-സാംസ്കാരിക മാനവീയ വികസനങ്ങൾ ലക്ഷ്യം വച്ചാണ് സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തിയിരിക്കുന്നത്. വിദ്യാർത്ഥി കളുടെ പഠന നിലവാരം മനസ്സിലാക്കി വിദ്യാർത്ഥികളിൽ അറിവുനേടലിനേയും അന്വേഷണ മനോഭാവത്തിനേയും വ്യക്തമായ ആശയവിനിമയത്തിനേയും വളർത്തുന്നതിനുള്ള കൃത്യ മായ മാർഗ്ഗരേഖകളാണ് ഈ പ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കുട്ടികളുടെ മാനസികവും സാമൂഹികവുമായ വ്യക്തിത്വ വികസനത്തിന് ഊന്നൽ കൊടുത്തുകൊണ്ട് അവരെ നാളെ യുടെ നല്ലൊരു പൗരനായി വാർത്തെടുക്കുക എന്ന അന്തിമ ലക്ഷ്യത്തോടെയാണ് ഈ അക്കാ ദമിക മാസ്റ്റർ പ്ലാൻ ആസൂത്രണം ചെയ്തിരിക്കുന്നത്.

ഒന്ന്മുതൽ ഏഴ് വരെ പഠിക്കുന്ന കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു

| ക്ലാസ് | ആകെ കുട്ടികളുടെ എണ്ണം |
|---|---|
| 1 | 8 |
| 2 | 12 |
| 3 | 9 |
| 4 | 11 |
| 5 | 26 |
| 6 | 9 |
| 7 | 30 |
| ആകെ | 105 |

അധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാർ

| | |
|---|---|
| H M | 1 |
| LPST | 4 |
| UPST | 3 |
| HINDI | 1 |
| SANSKRIT | 1 |
| ARABIC | 1 |
| OA | 1 |
| ആകെ | 12 |

## വിദ്യാലയ ചരിത്രം

1966 ജൂൺ 1 നാണ് ഈ വിദ്യാലയം ആരംഭിച്ചത്. ഇതിന് നേതൃത്വം നൽകിയത് ബഹു: വി.എം.ശ്രീധരൻ നായരാണ്. അദ്ദേഹത്തിന്റെ പിതാവ് ശ്രീ.കെ.കേളപ്പൻ കിടാവിന്റെ സ്മരണക്കാണ് ഇതിന്റെ പേര് കെ.കെ.കിടാവ് മെമ്മോറിയൽ എന്നാക്കിയത്.

## സ്ഥാപിക്കാനിടയായ സാഹചര്യം

അധ്യാപക പരിശീലനം നേടിയശേഷം വി.എം.ശ്രീധരൻ നായർ അടുത്ത പല വിദ്യാലയത്തിലും ജോലി നോക്കിയെങ്കിലും അതൊന്നും തൃപ്തികരമായില്ല. മഹാത്മാഗാന്ധിയുടെ കൂടെ വാർധാആശ്രമിൽ ജീവിച്ച തികഞ്ഞ ഗാന്ധിയനായ രാമനാട്ടുകര രാധാകൃഷ്ണൻ സാറുമായുണ്ടായ സൗഹൃദമാണ് പുതിയ വിദ്യാലയം സ്ഥാപിക്കാൻ പ്രചോദനമായത്. ഇതിന് ആവശ്യമായ 3 ഏക്കർ സ്ഥലം കുടുംബസ്വത്തായി ഉണ്ടായിരുന്നു. സ്കൂൾ സ്ഥാപിക്കാനാവശ്യമായ രേഖകളും നടപടിക്രമങ്ങളും ശ്രീ രാധാകൃഷ്ണൻ സാറാണ് നൽകിയത്. ചെങ്ങോട്ടുകാവ് യു.പി.സ്കൂൾ പ്രധാനാധ്യാപകൻ ശ്രീധരക്കുറുപ്പും സഹായങ്ങളുമായി മുന്നിലുണ്ടായിരുന്നു. ഇരുവരും ചേർന്ന് ഒരു വിദ്യാഭ്യാസ സർവ്വെ നടത്തി സ്കൂളിൽ പോവാത്ത കുട്ടികളുടെ കണക്കെടുത്തു. നല്ലവരായ നാട്ടുകാരും സഹായങ്ങളുമായി ഒപ്പം നിന്നു.

അന്നത്തെ കോഴിക്കോട് മേയർ ശ്രീ.ഭരതൻ, കെ.പി.സി.സി പ്രസിഡണ്ട് ഇ.രാജഗോപാലൻ നായരുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ സ്കൂൾ ഉദ്ഘാടനം ചെയ്തു.

തുടക്കത്തിൽ ഒന്നാം ക്ലാസ്സിൽ 138 കുട്ടികൾ ഉണ്ടായിരുന്നു. സാമൂഹികമായും സാമ്പത്തികമായും വളരെ പിന്നോക്കം നിൽക്കുന്നതിനാൽ കുട്ടികൾ സ്കൂളിൽ പോകുന്ന ശീലം ഉണ്ടായിരുന്നില്ല. കുട്ടികളേയും കൂട്ടിയായിരുന്നു രക്ഷിതാക്കൾ ജോലിക്ക് പോയിരുന്നത്. അതുകൊണ്ട് തന്നെ പുസ്തകം വസ്ത്രം, ഭക്ഷണം എന്നിവ നാലുവർഷത്തേക്ക് എല്ലാവർക്കും വാഗ്ദാനം ചെയ്തു. ഇത് കുട്ടികളെ സ്കൂളിലയക്കാൻ രക്ഷിതാക്കളെ പ്രേരിപ്പിച്ചു.

1983 ജൂൺ 1 ന് സ്കൂൾ യു.പി.സ്കൂളായി. അന്നത്തെ വിദ്യാഭ്യാസമന്ത്രി ശ്രീ.ടി.എം.ജേക്കബ് ഉദ്ഘാടനം ചെയ്തു. യു.പി. ആയി ഉയർത്തിയത് ഈ വിദ്യാലയത്തിന്റെ ത്വരിതഗതിയിലുള്ള വളർച്ചക്ക് ആക്കംകൂട്ടി. ഊർജ്ജസ്വലരായ അധ്യാപകരും സ്നേഹനിധികളായ നാട്ടുകാരും മിടുക്കരായ വിദ്യാർത്ഥികളും ഈ വിദ്യാലയത്തെ കേരളത്തിലെ ഏറ്റവും നല്ല 100 വിദ്യാലയങ്ങളിലൊന്നാക്കി മാറ്റി (2006 സീമാറ്റ് സർവ്വെ).

പഠനപ്രവർത്തനത്തോടൊപ്പം പാഠ്യേതര പ്രവർത്തനത്തിലും സ്കൂൾ വളരെ മുന്നിലെത്തി. കൊയിലാണ്ടി സബ്ജില്ലാ കലാമേളയിൽ 1980, 87, 94, 95, 2005, 2006 വർഷങ്ങളിൽ ഓവറോൾ കിരീടം നേടിയത് ഈ വിദ്യാലയത്തിന്റെ നേട്ടം തന്നെ. ഗണിത, സാമൂഹ്യ, ശാസ്ത്ര പ്രവൃത്തി പരിചയ മേളകളിൽ ഈ വിദ്യാലയത്തിന്റെ നേട്ടങ്ങൾ വളരെ വലുതാണ്. 6 വർഷം തുടർച്ചയായി ട്രോഫി നിലനിർത്തിയത് സാമൂഹ്യശാസ്ത്രത്തിന്റെ നേട്ടം തന്നെ. കോഴിക്കോട് ജില്ലയിൽ ഏറ്റവും കൂടുതൽ സ്കോളർഷിപ്പ് നേടിയതിന് മന്ത്രിയിൽ നിന്നും ട്രോഫി വാങ്ങാൻ സാധിച്ചത് ഈ വിദ്യാലയത്തിന്റെ പൊൻകിരീടത്തിന്റെ മുത്തായിത്തീർന്നു. ആ നെയ്ത്തിരിനാളം ഇന്നും യുവതലമുറയിൽ ജ്വലിച്ചുകൊണ്ടിരിക്കുന്നു.

1992 ഡിസംബർ 25 മുതൽ 31 വരെ സ്കൂളിന്റെ രജത ജൂബില ആഘോഷം ചേലിയ ഗ്രാമത്തിന്റെ തന്നെ ഉത്സവമായി തന്നെ കൊണ്ടാടാൻ സാധിച്ചു. വൈവിധ്യമാർന്ന പരിപാടികളോടെ സംഭവബഹുലമായ ഏഴുദിനങ്ങൾ സാംസ്കാരിക, രാഷ്ട്രീയ രംഗത്തെ പ്രമുഖർ ഈ ഗ്രാമോത്സവത്തിൽ അതിഥികളായെത്തിയിരുന്നു. പുതുമയാർന്ന പരിപാടികളോടെയും ജനങ്ങളുടെ സഹകരണത്തോടെയും നടത്തിയ കൂട്ടായ്മ വിദ്യാലയങ്ങളുടെ ചരിത്രത്തിൽ തന്നെ അപൂർവ്വമായിരിക്കും.

കർണശപഥം കഥകളി അന്നത്തെ പരിപാടിയുടെ പ്രത്യേകതയായിരുന്നു. വിദ്യാഭ്യാസമന്ത്രി ശ്രീ.ഇ.കെ.മുഹമ്മദ്ബഷീർ ആണ് പരിപാടികൾ ഉദ്ഘാടനം ചെയ്തത്. ശ്രീ.എം.ടി.വാസുദേവൻ നായർ, ശ്രീ.എം.പി.വീരേന്ദ്രകുമാർ, സിനിമാനടൻ ശ്രീനിവാസൻ തുടങ്ങി പ്രഗത്ഭരായ വ്യക്തികൾ ഈ ഏഴുരാത്രികളെ സമ്പന്നമാക്കി.

നാടകോത്സവം, കവിയരങ്ങ്, സാഹിത്യസാംസ്കാരിക സമ്മേളനം പൂർവ്വ വിദ്യാർത്ഥി സംഗമം, കുട്ടികളുടെ കലാപരിപാടികൾ, വിൽപ്പാട്ട്, നാടകം തുടങ്ങി നിരവധി പരിപാടികൾ ചേലിയ ഗ്രാമത്തെ മുഴുവൻ ഉത്സവത്തിമിർപ്പിലാറാടിച്ച് രജതജൂബിലി അവസാനിച്ചു. സാംസ്കാരിക പരിപാടികളിലേക്ക് നയിക്കാൻ യുവാക്കൾക്ക് ഊർജ്ജം നൽകാൻ രജതജൂബിലിക്ക് കഴിഞ്ഞു.

1995 ൽ കൊയിലാണ്ടി സബ്ജില്ലാ കലാമേളയ്ക്ക് ആതിഥ്യം വഹിക്കാനും പരിപാടികൾ മികച്ച രീതിയിൽ നടത്താനും ഇതിലെല്ലാം പൂർണ്ണമായ തോതിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്താനും ഈ വിദ്യാലയത്തിന് സാധിച്ചു. ഒരു യു.പി.സ്കൂളിന്റെ ചരിത്രത്തിൽ ഇത്തരം ഒരു കലാമേളയ്ക്ക് ആതിഥ്യം വഹിക്കാനും കുറ്റമറ്റ രീതിയിൽ എല്ലാവരുടേയും പ്രശംസ പിടിച്ചുപറ്റുകയും ചെയ്യുക എന്നത് അപൂർവ്വ സംഭവമായി തീർന്നു.

കൊയിലാണ്ടി സബ്ജില്ലയിൽ കലാമേളകളിൽ മാർഗ്ഗംകളി, ചാക്യാർക്കൂത്ത്, പൂരക്കളി എന്നീ ഇനങ്ങൾ ആദ്യമായി അവതരിപ്പിച്ചത് ഈ വിദ്യാലയമാണ്. ഇതിന്റെ പിറകിലുള്ള അന്നത്തെ അധ്യാപകരുടെ ആത്മാർപ്പണവും അധ്വാനവും വളരെ വലുതായിരുന്നു. തുടർന്നുള്ള വർഷങ്ങളിൽ ഈ കലാരൂപങ്ങൾ നമ്മുടെ മേളകളിൽ അവതരിപ്പിക്കാനും പ്രദേശത്ത് പ്രചരിക്കാനും വഴിയായിത്തീർന്നു.

1996–ൽ ആദ്യമായി സ്കൂളിലെ കുട്ടികൾക്കെല്ലാം ഡയറി ഏർപ്പെടുത്തി. കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ രക്ഷിതാക്കൾക്കും അധ്യാപകർക്കും ഒരുപോലെ ഉപകാരപ്പെട്ടു. അതുപോലെ ഫോട്ടോ പതിച്ച ഐഡി കാർഡ് ഈ വിദ്യാലയത്തിന്റെ ഒരു പ്രത്യേകതയായിരുന്നു. രക്തഗ്രൂപ്പ് വരെ അതിൽ രേഖപ്പെടുത്തിയിരുന്നു. എന്നാൽ പിന്നീട് സാമ്പത്തിക പ്രതിസന്ധി മൂലം നിർത്തേണ്ടി വന്നു.

വേറിട്ട പ്രവർത്തനങ്ങളുടെ കാര്യത്തിലും സ്കൂൾ വളരെ സജീവമായിരുന്നു. ഗുഡ്ബൈ പ്ലാസ്റ്റിക്ക്, പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗം മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ഇന്നത്തെപ്പോലെ ജനങ്ങളിലെത്താത്ത ഒരു കാലത്ത് അതിന്റെ വരാൻ പോകുന്ന വിപത്ത് മുൻകൂട്ടിക്കണ്ടുകൊണ്ട് അതിനെതിരെ പൊരുതാനും നാട്ടുകാരിൽ അവബോധമുണ്ടാക്കാനും ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. തുണി സഞ്ചി തയ്പ്പിച്ച് ചേലിയ ഗ്രാമത്തിലെ എല്ലാ വീടുകളിലും എത്തിച്ചു. പ്ലാസ്റ്റിക് ഉപേക്ഷിക്കാനും ആവശ്യമായ ബോധവൽക്കരണം നടത്തി. 'ശോഭീന്ദ്രൻ മാഷിനെ'പ്പോലെ പരിസ്ഥിതി പ്രവർത്തകരെ പങ്കെടുപ്പിക്കാനും സാധിച്ചു.

മറ്റൊരു പരിപാടിയായിരുന്നു 'നാട്ടിനൊരു തണൽ വീട്ടിലൊരു തണൽ' എന്റെ മരം പദ്ധതി വരുന്നതിനു മുമ്പുതന്നെ ഓരോ കുട്ടികൾക്കും വൃക്ഷത്തൈകൾ വർഷംതോറും നൽകിയിരുന്നു. തുടർന്ന് സോഷ്യൽ ഫോറസ്ട്രി ഏർപ്പെടുത്തിയ എന്റെ മരം പദ്ധതി തുടങ്ങിയതുമുതൽ പദ്ധതി അതിലേക്കു മാറ്റുകയായിരുന്നു.

അന്യം നിന്നുപോകുന്ന നാട്ടുമാവിൻതൈകൾ ശേഖരിച്ച് എല്ലാവർക്കും തൈകൾ വിതരണം ചെയ്തു. നാട്ടുമാവിനെ സംരക്ഷിക്കുക എന്ന ആവശ്യം കുട്ടികളെ ബോധവാന്മാരാക്കി തീർക്കാൻ കഴിഞ്ഞു.

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ 2025-26

## ലക്ഷ്യം

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം<br>ഗണിതശേഷി വികസനം ഇംഗ്ലീഷ്<br>ഹിന്ദി മലയാളം<br>പാനപരിപോഷണം പ്രവർത്തനം<br>ലൈബ്രറി ശാക്തീകരണം<br>പ്രതിഭാ പോഷണം പരിപാടി<br>ശലഭോദ്യാനം<br>പഠനയാത്രകൾ<br>സെമിനാറുകൾ<br>കലാകായികശാസ്ത്ര മേളകൾ<br>ഐടി പരിശീലനം ക്ലാസ്<br>സജീവമാക്കൽ<br>എസ് ആർ ജി ശാക്തീകരണം<br>ശിൽപശാലകൾ<br>ഭിന്നശേഷി വിദ്യാർഥികളെ<br>സമൂഹത്തിന്റെ മുഖ്യധാരയിലേക്ക്<br>എത്തിക്കൽ<br>അധ്യാപക ശാക്തീകരണ<br>പരിപാടികൾ<br>പോഷകാഹാര പരിപാടി<br>ടേം മൂല്യനിർണയം<br>നിരന്തര മൂല്യനിർണയം<br>ദിനാചരണങ്ങൾ<br>മത്സരപരീക്ഷ പരിശീലനം<br>കായിക പാനം | ചുറ്റുമതിൽ<br>കളി സ്ഥലം<br>ലൈബ്രറി<br>വിശ്രമമുറി<br>വായനാമുറി<br>കമ്പ്യൂട്ടർലാബ് മൾട്ടിമീഡിയ റൂം<br>കുടിവെള്ള വിതരണം<br>ഡൈനിങ്ങ് ഹാൾ<br>മാലിന്യ സംസ്കരണം<br>ഉദ്യാനം<br>ഭാഷോത്സവം<br>ശാസ്ത്രോത്സവം<br>ഐടി മേള കലാ കായിക<br>പ്രവർത്തി പരിചയമേള ക്ലാസ്<br>ലൈബ്രറി ഭിന്നശേഷി കുട്ടികളുടെ<br>പഠനത്തിന് ആവശ്യമായ<br>സൌകര്യങ്ങൾ | പിടിഎ ശക്തിപ്പെടുത്തൽ<br>വിദ്യാലയ വികസനസമിതി<br>ജാഗ്രത സമിതി<br>കാര്യക്ഷമമാക്കൽ<br>ഗ്രന്ഥശാലകൾ<br>ക്ലബ്ബുകൾ<br>വിദ്യാഭ്യാസ പ്രവർത്തകർ<br>പൂർവ്വ അധ്യാപകർ<br>സഹകരണ സ്ഥാപനങ്ങൾ<br>വ്യവസായ ഗ്രൂപ്പുകൾ<br>എന്നിവയുടെ സേവനം<br>പ്രയോജനപ്പെടുത്തൽ<br>ക്ലാസ് പിടിഎ<br>മാതൃകാപരമാക്കുന്നതിനുള്ള<br>പരിപാടികൾ വിദ്യാലയ<br>മികവുകൾ<br>പൊതുസമൂഹവുമായി പങ്കിടൽ<br>ഭവന സന്ദർശനം |

Std : 1

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| <u>ഭാഷ</u><br>(1) എല്ലാ കുട്ടികളെയും സ്വതന്ത്ര വായന കാരാക്കുക<br>- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികൾക്കും വായിക്കുന്നതിനുള്ള പുസ്തകം ശേഖരണം ഒരുക്കൽ<br>- കുട്ടികളുടെ വായനയിൽ രക്ഷിതാക്കളെ പങ്കാളികളാക്കൽ<br>- ആശയ ഗ്രഹണ വായന ആസ്വാദ്യ വായന എന്നിവ പ്രോത്സാഹിപ്പിക്കൽ<br>- ആശയങ്ങൾ സംഭവങ്ങൾ എന്നിവ ക്രമമായി ഓർത്തു പറയുന്നതിനുള്ള കഴിവ് നേടുന്നു<br>- കുട്ടികൾ വായനയിൽ നേടിയ ശേഷി പൊതു സമൂഹവുമായി പങ്കിടൽ | <u>വായനോത്സവം</u><br>- ക്ലാസ്സ് ലൈബ്രറി ക്രമീകരണം<br>- രക്ഷിതാക്കളും കുട്ടികളും ചേർന്നുള്ള വായന<br>- വായിച്ചുകേട്ട കഥ ആശയ ചോർച്ചയില്ലാതെ പറയൽ<br>- ഓൺലൈൻ വായനോത്സവം<br>- വായിച്ചുകേട്ട കഥകൾ ചിത്രങ്ങളായും പാട്ടാക്കി മാറ്റിയും അവതരണം<br>- <u>കഥാവേള</u> - ഓരോ ദിവസവും. 10 മിനിറ്റ് കുട്ടികൾ ഊഴമിട്ട് കഥ പറയൽ<br>- CPTA യിൽ കഥാവതരണം<br>- വായനാ മത്സരം | ഒരു വർഷം<br><br>2 മാസം |

| | | |
|---|---|---|
| (2)കുട്ടിപ്പാട്ടുകളും ബാലകവിതകളും കേട്ടും വായിച്ചും ആസ്വദിക്കുന്നതിനുള്ള കഴിവ് നേടുന്നു<br>- ആസ്വാദ്യതയോടെ ചൊല്ലി അവതരിപ്പിക്കുന്നു<br>- സ്വന്തമായി ചെറുകവിതകളും പാട്ടുകളും നിർമ്മിക്കുന്നതിന് കഴിവ് നേടുന്നു<br>(3)വിവിധ സന്ദർഭങ്ങളിൽ സംഭാഷണങ്ങളിൽ ഏർപ്പെടുന്നതിനും സംഭാഷണ രചന നടത്തുന്നതിനും കഴിവ് നേടുന്നു<br>(4)ഭാവം ഉൾക്കൊണ്ട് ശബ്ദ വ്യക്തിയാനത്തോടെ വ്യതിയാനത്തോടെ സദസ്സിനും മുൻപാകെ ഉച്ചത്തിൽ വായന നടത്തുന്നതിനുള്ള കഴിവ് നേടുന്നു | **പാട്ട് അരങ്ങ് -**<br>- ഭാവം ആംഗ്യം എന്നിവയോടെ പാട്ടുകളും കവിതകളും അവതരിപ്പിക്കുന്നു<br>- താളം പാലിക്കും വിധം പുതിയ വാക്കുകൾ ചേർത്ത് പൂരിപ്പിക്കുന്നു<br><br>റോൾ പ്ലേ<br><br>റീഡേഴ്സ് തിയ്യേറ്റർ | |

| | | |
|---|---|---|
| ➤ പാട്ടിനും ആശയത്തിനും അനുസൃതമായി താളത്തിൽ ചുവട് വയ്ക്കുന്നു<br>➤ പ്രാദേശികമായി ലഭ്യമായ വസ്തുക്കളെ കളി ഉപകരണങ്ങൾ ആക്കി മാറ്റുന്ന<br>➤ കലാശേഷിയും കവരവിരുതും വികസിപ്പിക്കുന്നു<br>(5)കുട്ടിയുടെ സ്വതന്ത്ര രചനശേഷി വികസിപ്പിക്കുക<br>➤ പരിചയിച്ച അക്ഷരങ്ങൾ പുതിയ രചന സന്ദർഭങ്ങളിൽ നിരന്തരം പ്രയോഗിക്കുക.<br>➤ കുട്ടിയുടെ അനുഭവങ്ങളും ചിന്തകളും ആശയങ്ങളും പ്രതിദിനം ചിത്ര സഹിതം ചെറുവാക്യങ്ങളിൽ രേഖപ്പെടുത്തുക.<br>(6)കുട്ടികളുടെ സർഗാത്മക ശേഷി വികസിപ്പിക്കുന്നതിന് | **പാട്ടരങ്ങ്**<br>ഡിജിറ്റൽ പോർട്ട് ഫോളിയോ<br><br>നിർമ്മാണ ശില്പശാല<br>പറവ നിർമ്മാണം<br>കൊളാഷ് നിർമ്മാണം<br>പുഴു, പട്ടം നിർമ്മാണം<br><br>**സംയുക്ത ഡയറി**<br>➤ CPTA പ്രക്രിയ ബോധ്യപ്പെടുത്തൽ<br>➤ മുൻ വർഷത്തെ ഡയറികൾ പരിചയപ്പെടൽ<br>➤ ഭാഷാപരമായ മുന്നേറ്റം വ്യക്തമാക്കൽ എഴുത്തിൻറെ<br>➤ പ്രക്രിയ മനസ്സിലാക്കൽ<br>**രചനോത്സവം**<br>➤ ആഴ്ചയിൽ ഒരു ചിത്രം നൽകിയശേഷം അതിൻറെ അടിസ്ഥാനമാക്കി T R നൽകുന്ന | ജൂൺ ജൂലൈ<br><br>ജൂലൈ മുതൽ<br><br>യൂണിറ്റ് 6 മുതൽ എല്ലാ ആഴ്ചയും ഓരോന്ന് |

| | | |
|---|---|---|
| ➜ സ്വതന്ത്ര രചനക്ക് അവസരം ഒരുക്കുക<br>➜ സമൂഹവുമായി രചനകൾ പങ്കിടൽ<br><br>**ഗണിതം**<br>➜ രൂപങ്ങൾ ആകൃതിക്ക് അനുസരിച്ച് തരം തിരിക്കുന്നു.<br>➜ ചുറ്റുപാടും നിരീക്ഷിച്ച് ദ്വിമാന ത്രിമാന രൂപങ്ങൾ തിരിച്ചറിയുകയും തരംതിരിക്കുകയും ചെയ്യുന്നു<br>➜ ചിത്രങ്ങൾക്ക് നിറം നൽകുന്നു ചിത്ര പാറ്റേണുകൾക്ക് നിറം നൽകുന്നു.<br>➜ ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനം ചെയ്യുക. | ചോദ്യങ്ങളുടെ സർഗാത്മക രചനക്ക് അവസരം<br>➜ പുസ്തക പ്രകാശനം<br>➜ സർഗാത്മക നാടകം<br><br>കുത്തുകളിലൂടെ വരക്കൽ<br>സ്വതന്ത്രമായി വരിക്കൽ<br>കടലാസിൽ രൂപങ്ങൾ വെട്ടിയെടുക്കൽ<br>എണ്ണൽ<br>മൈമിംഗ്<br>ദോശ ചുടൽ<br>എണ്ണി പറയൽ<br><br>➜ കുഞ്ഞു പുസ്തകം നിർമ്മാണം<br>➜ ഒന്നു മുതൽ 5 വരെ ചിത്രവും എണ്ണവും അഭിമുഖമായി വരുന്ന രീതിയിൽ തയ്യാറാക്കുന്നു. | മാർച്ച്<br><br>മൂന്നാം ടൈം |

| | | |
|---|---|---|
| - ഒരു നിശ്ചിത എണ്ണം ഒരു കൂട്ടം വസ്തുക്കളിൽ നിന്നും എണ്ണി എടുക്കുന്നു. | - മഞ്ചാടി സഞ്ചി (ഓരോ കുട്ടിക്കും ഗണിത പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കുന്നു. | |
| **English**<br>Aim<br>- To speak read and write English without any mistake.<br>- To develop listening skills and reading skills. | • Description-growing sentences<br>• Picture reading<br>• Riddles<br>• Find out words from reading material<br>• Rhyming words<br>• Describing words from text book activities<br>• Make word chain<br>• Make Word Web<br>• Story telling<br>• conversation | July onwards |

## മേഖല - അക്കാദമികം

## ഉപമേഖല - ഭാഷ

## ക്ലാസ് - II

| പ്രവർത്തനം | ലക്ഷ്യം | കാലം |
|---|---|---|
| ലഘുപതിപ്പുകൾ തയ്യാറാക്കൽ. | ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ് | ഒക്ടോബർ - നവംബർ |
| കഥ, കവിത, രചനകൾക്കുള്ള വേദിയൊരുക്കൽ. | സർഗാത്മകഥയെ ഉണർത്താം | ഡിസംബർ - ജനുവരി |
| സംയുക്ത ഡയറി പുസ്തകരൂപത്തിൽ മാറുന്നു. | സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും | ജനുവരി |
| റീഡേഴ്സ് തിയറ്റർ. | എല്ലാ കുട്ടികളും റീഡേഴ്സ് തിയേറ്ററിലൂടെ മികച്ച വായനക്കാർ ആകുന്നു | ജൂലൈ - സെപ്തംബബർ - മാർച്ച് |
| പാഠപുസ്തകവുമായി ബന്ധപ്പെട്ട ലഘു പരീക്ഷ ണങ്ങൾ സ്വയം ചെയ്യാൻ അവസരം നൽകുന്നു. | ശാസ്ത്രപഠനം ആസ്വാദ്യകരമാകുന്നു. | ജൂലൈ - മാർച്ച് |

## മേഖല - അക്കാദമികം

## ഉപമേഖല - ഗണിതം

## ക്ലാസ് - II

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് |
|---|---|---|
| കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ. | ഗണിത ചിന്താശേഷി വളർത്തൽ | ആഴ്ചയിൽ ഒന്നു വീതം |
| വട്ടത്തിലോടാം. (തുടർച്ചയായി എണ്ണൽ സംഖ്യകളുടെ ക്രമം)<br>കൂട്ടുകാരെ കണ്ടെത്താം (സങ്കലനം)<br>ബോൾ കളി (ഗുണനം) | ഗണിത കേളികളുടെ ഗണിത പഠനത്തിൽ താല്പര്യവും യുക്തി ബോധവും വളർത്തുന്നു. | ജൂൺ |
| 10-ൻറെ കെട്ടുകൾ, മഞ്ചാടി, സ്ട്രോ, കളിനോട്ടുകൾ എന്നിവയടങ്ങിയ ഒരു ഗണിത കിറ്റ് എല്ലാ കുട്ടികളുടെ കയ്യിലും ഉൾപ്പെടുത്തുന്നു | ഗണിതം ആസ്വാദകരമാകുന്നതിന് | മാർച്ച് |

# Academic Master Plan

## English

## Class II

| Activities | Aims | Years |
|---|---|---|
| Games, Action songs<br>Picture reading<br>Picture description<br>Newspaper reading<br>Rhyming words | To speak, read and write English without any mistake | June<br>July<br>August |
| Make Word Web<br>Word pyramid,<br>Make words<br>Sentences, word chain<br>Add more lines<br>English Balasabha | Writing skills | September<br>March |

## മേഖല - അക്കാദമികം

## ഉപമേഖല - ഗണിതം

## ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| ജാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശിൽപ്പശാല രസകരമായി ഗണിത പഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും | ഒക്ടോബർ |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | ഗണിതോത്സവം | ജനുവരി |

**മേഖല - അക്കാദമികം**

**ഉപമേഖല - ഭാഷ**

**ക്ലാസ് - III**

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| സാഹിത്യപ്രതിഭകളെ അടുത്തറിയാം | കവികളെ കുറിച്ചുള്ള ഡോക്യുമെൻററി പ്രദർശനം | ജൂലൈ |
| | പുസ്തക ശേഖരണവും പ്രദർശനവും | ഡിസംബർ |
| | പൊതുസമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | ജനുവരി |
| വായനാ പരിപോഷണം | വായന കളരി നാട്ടുവായന | നവംബർ |
| | പ്രാദേശിക എഴുത്തുകാരെ പരിചയപ്പെടൽ | ആഗസ്റ്റ് |

## മേഖല - അക്കാദമികം

## ഉപമേഖല - പരിസര പഠനം

## ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| ശാസ്ത്രാവബോധം വളർത്തുക. | കണ്ടെത്താം അറിയാം ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പ് തയ്യാറാക്കൽ | ജൂലൈ<br>ആഗസ്റ്റ് |
| പ്രകൃതി നടത്തം | ജൈവവൈവിധ്യങ്ങൾ ജൈവവൈവിധ്യ പാർക്ക് മഴക്കുഴി നിർമ്മാണം ജലശോദസുകൾ പരിസ്ഥിതി സംരക്ഷണം | ഡിസംബർ |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്രമാസിക<br>പരീക്ഷണം | |

# Academic Master Plan

## English

## Class III

| Aims | Activities | Duration |
|---|---|---|
| To speak, read and write English without any mistake | Action songs<br>Picture reading<br>Newspaper reading | July<br><br>September |
| | One day one word<br>Make word chain | August |
| | Develop story<br>Conversations | December |
| | Add more lines<br>English assembly | January |

**മേഖല - അക്കാദമികം**

**ഉപമേഖല - മലയാളം**

**ക്ലാസ് - IV**

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് |
|---|---|---|
| ലൈബ്രറി സന്ദർശനം<br>ക്ലാസ് ലൈബ്രറി ഒരുക്കൽ<br>സ്കൂൾ ലൈബ്രറി<br>വായനാവാരം ,വായനക്കുറിപ്പ് | വായനാ ശേഷി വളർത്തൽ | ജൂൺ - മാർച്ച് |
| പത്രവായന, പുസ്തകമേള ,വായനക്കുറിപ്പ്<br>ആസ്വാദനക്കുറിപ്പ്<br>വായന മരം ,വിവരണം, സംഭാഷണം<br>നൂറോളം പതിപ്പ് പ്രകാശനം | എഴുത്ത് പരിപോഷിപ്പിക്കൽ | ജൂൺ - മാർച്ച് |
| കവിതകൾ താളമിട്ട് ചൊല്ലൽ<br>ജീവചരിത്രക്കുറിപ്പ് | ഭാവാത്മക വായന പരിപോഷിപ്പിക്കൽ | ജൂൺ - മാർച്ച് |
| സ്റ്റീഫൻ ഹോക്കിംഗ്<br>ഹെലൻ കെല്ലർ | വൈകല്യത്തെ അതിജീവിച്ച് സമൂഹത്തിൽ തൻറേതായ സ്ഥാനം നേടിയവരെ പരിചയപ്പെടുന്നു | ജൂൺ - ജൂലൈ |

# Academic Master Plan

## English

## Class IV

| Activities | Aims | Years |
|---|---|---|
| Games, Action songs<br>Conversation , ICT<br>Simple instructions<br>Newspaper reading<br>Book review | To speak, read and write English without any mistake | June - March |
| English Assembly<br>English diary<br>English corner | To improve the ability to read speak and write in English. | Once in a week |
| Book review<br>Introducing new book<br>Notice | To improve the ability to use English language | June - March |
| Conversation<br>Description<br>Skit , Drama | To familiarise different discourses and change this from one to other | June - March |

**മേഖല - അക്കാദമികം**

**ഉപമേഖല - പരിസര പഠനം**

**ക്ലാസ് - IV**

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലയളവ് |
|---|---|---|
| ആൽബം തയ്യാറാക്കൽ വീഡിയോ പ്രദർശനം ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ | സ്വാതന്ത്ര്യ സമര സേനാനികളെ പരിചയപ്പെടുന്നു | ജൂൺ - മാർച്ച് |
| ശാസ്ത്ര ക്ലാസുകൾ രസകരമാക്കാനുള്ള സാമഗ്രികൾ ഒരുക്കൽ വീഡിയോ പ്രദർശനം പരീക്ഷണങ്ങൾ | ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കുന്നു. | ഫെബ്രുവരി |
| ശാസ്ത്രമേള | ശാസ്ത്രപഠനം രസകരമാക്കുന്നു | ജനുവരി |
| ശാസ്ത്രം ഫീൽഡ്ട്രിപ്പ് | പ്ലാനിറ്റോറിയം / സയൻസ് പാർക്ക് സന്ദർശിക്കൽ | |

## മേഖല - അക്കാദമികം

## ഉപമേഖല - ഗണിതം

## ക്ലാസ് - IV

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലയളവ് |
|---|---|---|
| വിവിധ വിവിധതരം കളികൾ ആസൂത്രണം ചെയ്യുന്നു | ഗണിത പഠനം രസകരമാക്കുന്നു | ജൂൺ - മാർച്ച് |
| ഡയസ് കളി, കച്ചവട കളി<br>എണിയും പാമ്പും | സംഖ്യ ബോധം ഉറപ്പിക്കുന്നു. | ജൂൺ - മാർച്ച് |
| ക്ലാസ് റൂം പ്രവർത്തനങ്ങൾ<br>കളികൾ<br>ഒറിഗാമി | വിവിധതരം രൂപങ്ങൾ ഉണ്ടാക്കുന്നതിലൂടെ ജാമിതീയ രൂപങ്ങൾ പഠിക്കുന്നു | ജൂലൈ |

# ACADEMIC MASTER PLAN – 2025-26

## ENGLISH

| Aim | Activities | Time | Charge | |
|---|---|---|---|---|
| Making the students to listen & read | Reading English news once in a week. Practice them to act the instructions given by the teacher | June | English | |
| Making the students to listen speak read and write | English Assembly | July | English | |
| Creative reading | Reading with the | August | English | |
| Creative reading and listening | I too-can- reading cards | September | English | |
| Choreography | Prepare a choreography based on TB | October | English | |
| Creative writing | My Droplets | November | English club | |
| Improve speaking skill | Treasure Hunt | December | Club & Teachers | |
| Improve listening skill | Breaking news | January | English Club | |
| Reading and memories | Run baby run | February | All students | |

## എൽ.പി, യു.പി അറബിക്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായന- അറബി തെറ്റുകൂടാതെയും അക്ഷര സ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | • പ്രീ ടെസ്റ്റ്<br>• സ്കൂൾ ലൈബ്രറി വികസനം<br>• വായനാകാർഡുകൾ തയ്യാറാക്കൽ | ജൂൺ<br>അധ്യയന വർഷം മുഴുവൻ<br>ജൂൺ - ജൂലൈ | അധ്യാപകൻ<br>സി.പി.ടി.എ<br>അധ്യാപകൻ | പി.ടി.എ<br>സി.പി.ടി.എ<br>സി.പി.ടി.എ |
| അക്ഷരം തെറ്റുകൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ. വിവിധ ഭാഷാ വ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | • ജൂൺ 19 വായനാ ദിനം വായനാ മത്സരം ഓൺലൈൻ ക്വിസ് മത്സരം<br>• ആഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനം<br>• ഓഫ്ലൈൻ ക്വിസ് മത്സരം സെപ്റ്റംബർ 05 അദ്ധ്യാപക ദിനം<br>• ഒക്ടോബർ 02 ഗാന്ധിജയന്തി<br>• ഓൺലൈൻക്വിസ് മത്സരം<br>• പോസ്റ്റർ നിർമ്മാണം | ജൂൺ<br>ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ | അധ്യാപകൻ<br>അധ്യാപകൻ<br>അധ്യാപകൻ<br>അധ്യാപകൻ | സി.പി.ടി.എ<br>സി.പി.ടി.എ<br>സി.പി.ടി.എ<br>സി.പി.ടി.എ |
| അറബി ഭാഷാപഠനത്തിന്റെ ആവശ്യകതയുടെ പ്രാധാന്യത്തെ അറിയൽ | ഡിസംബർ 18 അറബി ഭാഷാദിനം, പതിപ്പ് നിർമ്മാണം, ക്വിസ് | ഡിസംബർ<br>ജനുവരി | അധ്യാപകൻ | സി.പി.ടി.എ |
| ഭാഷാ പരിജ്ഞാനവും പൊതു വിജ്ഞാനവും വർദ്ധിപ്പിക്കൽ | അലിഫ് ടാലന്റ് ടെസ്റ്റ്, അൽമാഹിർ സ്കോളർഷിപ്പ് | ജൂലൈ<br>ഡിസംബർ | അധ്യാപകൻ | സി.പി.ടി.എ |

# സംസ്കൃതം
## ക്ലാസ്സ് 5,6,7

| ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം. യു.പി തലത്തിലുള്ള എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | 1. ഭാഷ ജ്ഞാനം<br>• അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പാക്കൽ<br>• അക്ഷരകാർഡ്<br>• വാക്കുകൾ എഴുതിയ കാർഡ്<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം<br>• അക്ഷരമാല കളികൾ<br>• അക്ഷരമരം നിർമ്മിക്കൽ<br>• കാർട്ടൂൺ പ്രദർശനം<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br>ICT | പി.ടി.എ<br>റീസോഴ്സ് അധ്യാപിക |
| | 2. പറയാം പഠിക്കാം<br>• ചിത്രങ്ങളുടെ പേര് പറയൽ<br>• ചിത്ര കഥകൾ<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | ജൂൺ - ജൂലൈ | സംസ്കൃതം കഥാപുസ്തകം<br>ICT | റീസോഴ്സ് അധ്യാപിക |
| വീട് ഒരു പരീക്ഷണശാല<br>കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ | സംസ്കൃതം നിഘണ്ടു | |
| വായനാ ലോകം<br>കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ 5 മിനിറ്റിൽ ഒരു കുട്ടി പുസ്തകത്തിന്റെ ഒരു പേജ് ഉറക്കെ വായിക്കുക.<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക.<br>• കൂടുതൽ പുസ്കങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6 മാസം | ക്ലാസ്സ് ലൈബ്രറി | റിസോഴ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| **കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷാ പഠന നേട്ടങ്ങൾ** | • ക്ലബ്ബ് രൂപീകരണം.<br>• പഠനോപകരണ നിർമ്മാണം.<br>• കലണ്ടർ നിർമ്മാണം.<br>• ഗൃഹ സന്ദർശനം.<br>• പഠനയാത്ര. | ജൂൺ- മാർച്ച് | ചാർട്ട്, ചിത്രം | റിസോഴ്സ് അധ്യാപിക |
| **മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ** | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ- മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| **ആസ്വാദന ലോകം**<br>ഓരോ കുട്ടിയുടെയും ആസ്വാദന ശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി | • നാടകം,കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരു തവണ ആസ്വാദന സഭ ചേരുന്നു.<br>• ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | 5 മാസം | സംസ്കൃത ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| **പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുളള പ്രവർത്തനങ്ങൾ** | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസ്സുകൾ നൽകുന്നു.<br>• ഗൃഹ സന്ദർശനം നടത്തുന്നു. | ജൂൺ- മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| **ക്ലാസ് റൂം അകർഷകമാക്കുന്നതിന** | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു.<br>• സൗകര്യപ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 26

## യു.പി ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **1,5,6,7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ**<br>ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്ന തിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കി പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്ര ങ്ങൾ, അക്ഷരമാല, ചാർട്ട് കാണിക്കൽ എന്നിവ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അദ്ധ്യാപകർ | |
| **ഹിന്ദി വായന**<br>തെറ്റുകൂടാതെ ഹിന്ദി വായി ക്കാനുള്ള പരിശ്രമം ചെയ്യുക. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായന യിലേക്ക് ആകർഷിപ്പിക്കും. മറ്റ് ഹിന്ദി ചിത്ര കഥകൾ, വായനാകാർഡ് എന്നിവ വായിപ്പിക്കും | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അദ്ധ്യാപകർ | |
| **ഹിന്ദി സംസാരം**<br>ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കും. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരി ക്കാനുള്ള ഭാഷ പരിചയപ്പെ ടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ ചോദിക്കാൻ പറയും.<br>വായനക്ക് ......<br>ഹിന്ദി തെറ്റിച്ച് അദ്ധ്യാപകർ വായിക്കും. കുട്ടികൾ ശ്രദ്ധ യോടെ അത് ശരിയാക്കി വായിക്കും.<br>മത്സര വായന നടത്തും. മികച്ച കുട്ടിക്ക് സമ്മാനം നൽകും | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അദ്ധ്യാപകർ | |

# യു. പി ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | പ്രിടെസ്റ്റ്<br>ഗണിത വിജയം (മൊഡ്യൂൾ)<br>വർക്ക്ഷീറ്റ് തയ്യാറാക്കി<br>പിന്നോക്കക്കാർക്കുള്ള പ്രവർത്തനം | ജൂലൈ - ഡിസംബർ | ഗണിത അദ്ധ്യാപകർ | പി.ടി.എ |
| ഗണിതം മധുരം | പസിൽ ഗെയിം, മെഗാക്വിസ്<br><br>ടാലന്റ് സെർച്ച്, ലിറ്റിൽ മാത്ത മാറ്റിഷ്യൻ | സെപ്റ്റംബർ ഡിസംബർ<br><br>ജൂലൈ ജനുവരി | ഗണിത അദ്ധ്യാപകർ<br><br>ഗണിത അദ്ധ്യാപകർ | |
| ക്ലാസ് തല ഗണിത ലാബ് | ക്ലാസ് തല TLM നിർമ്മാണം | ജൂൺ ഫെബ്രുവരി | ഗണിത അദ്ധ്യാപകർ | |
| ഗണിത ലൈബ്രറി | പുസ്തക ശേഖരം, പ്രദർശനം | | ഗണിത അദ്ധ്യാപകർ | |
| ഗണിത ക്വിസ് | എല്ലാ മാസവും ഗണിത ക്വിസ് | ജൂലൈ ജനുവരി | ഗണിത അദ്ധ്യാപകർ | |

# സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സംഘാടനം ചുമതല | സാമഗ്രികൾ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ക്ലാസ് തല സയൻസ് ലാബ് | ക്ലാസ് തല നിർമ്മാണവും പ്രവർത്തനവും. പാഴ് വസ്തുക്കൾ ശേഖരിക്കുക | 1 വർഷം | സയൻസ് അദ്ധ്യാപകർ | ഐസ്ക്രീം ബോൾ, മെഴുകുതിരി, തീപ്പെട്ടി, കണ്ണാടി, റീഫില്ലർ, മേസൺ പൈപ്പ്, ബലൂൺ | രക്ഷിതാക്കൾ |
| സ്കൂൾതല സയൻസ് ലൈബ്രറി | പുസ്തകശേഖരണം, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്ര ശേഖരണം, സജ്ജീക രിക്കൽ | 1 വർഷം | സയൻസ് ക്ലബ്ബ്, സയൻസ് അദ്ധ്യാപകർ | പുസ്തകങ്ങൾ | പി.ടി.എ |
| ശാസ്ത്ര പ്രതിഭകളെ വാർത്തെടുക്കൽ | ശാസ്ത്രക്വിസ്, ലഘു പരീക്ഷണങ്ങൾ, മാജിക്കുകൾ, ടാലന്റ് സെർച്ച് | 1 വർഷം | സയൻസ് അദ്ധ്യാപകർ | സ്കൂൾ ലാബ്, വീട്ടിലെ ലാബ്, ക്ലാസ് ലാബ് പ്രയോജനപ്പെടുത്തുക | പി.ടി.എ സ്റ്റാഫ് |
| നിരീക്ഷണം നിഗമനം | ഫീൽഡ് ട്രിപ്പ്, പ്ലാനറ്റോറിയം സന്ദർശനം, പരിസര നിരീക്ഷണം | 1 വർഷം | Recourse Person | | PTA Manager |
| ജീവിത നൈപുണി വികസിപ്പിക്കൽ | LED ബൾബ് നിർമ്മാണം, സോപ്പ് നിർമ്മാണം, ചോക്ക് നിർമ്മാണം, കുട നിർമ്മാണം, (ഭിന്നശേഷി കുട്ടികൾക്ക്) മുൻഗണന | 1 വർഷം | Recourse Person Science Teacher | | PTA Parents Manager |

# സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമഗ്രികൾ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| സാമൂഹ്യശാസ്ത്ര ത്തിന്റെ അടിസ്ഥാ നതല അറിവു കൾ, ആശയങ്ങൾ ഇവ പരിശോധി ക്കൽ, നേടിയെടു ക്കൽ | സാമൂഹ്യശാസ്ത്രവു മായി ബന്ധപ്പെട്ട് പഠി താവിന്റെ അടിസ്ഥാന തല അറിവ് പരീക്ഷി ക്കുന്നതിന് പ്രഹേളിക കൾ ഒരോ പഠിതാവി നും നൽകുന്നു. | ജൂൺ | എസ്.എസ് അദ്ധ്യാപകൻ | ചോദ്യാവലി | പി.ടി.എ |
| | പ്രിടെസ്റ്റ്, സി.പി.ടി.എ, മൊഡ്യൂൾ തയ്യാറാക്ക ൽ, പിന്നോക്കക്കാർ ക്കുളള പ്രത്യേകം ക്ലാസ്, ക്വിസ് | 3 മാസം | എസ്.എസ് അദ്ധ്യാപകൻ | വർക്ക്ഷീറ്റ് | |
| ക്ലാസ് തല SS lab സാമൂഹ്യശാസ്ത്ര മേഖലകൾ തിരിച്ചറിയാനൻ | ക്ലാസ് തല നിർമ്മാണം പ്രവർത്തനം | 1 വർഷം | എസ്.എസ് അദ്ധ്യാപകൻ | Chart, glob,Map ക്ലാസ് തല SS ലൈബ്രറി, അധ്യായ അനുബന്ധ മോഡൽസ് | പി.ടി.എ |
| ക്ലാസ് തല SS ലൈബ്രറി സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിൽ എത്തിക്കുക | പുസ്തകശേഖരണം സജ്ജീകരിക്കൽ. സ്വാതന്ത്ര്യസമര സേനാനികളുടെ ജീവചരിത്രക്കുറിപ്പ്, മ്യൂസിയം സന്ദർശനം, ഫീൽഡ് ട്രിപ്പ്, ചരിത്ര സംഭവങ്ങൾ നടന്ന സ്ഥലം സന്ദർശിക്കൽ | 1 വർഷം | എസ്.എസ് അദ്ധ്യാപകൻ | ക്വിസ്, സ്വാതന്ത്ര്യസമര സേനാനികളുടെ ഫോട്ടോ, ചരിത്ര കുറിപ്പുകൾ, ചരിത്രസ്മാരക ങ്ങളുടെ ഫോട്ടോ | പി.ടി.എ |

## യു. പി മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികസിപ്പിക്കാനും ആശയസംവേദനവും പദസമ്പത്ത് വളർത്താനും കുട്ടികളെ പ്രാപ്തരാക്കുക | **അവധിക്കാല ഓർമകൾ**<br>അവധിക്കാല അനുഭവങ്ങൾ മറ്റ് വ്യവഹാര രൂപത്തിലേക്ക് ആവിഷ്ക്കരിക്കുക (കഥ, കവിത, ചിത്രം ..) | ജൂൺ | മലയാളം ക്ലബ് | |
| കുട്ടികളിലെ സർഗവാസനകൾ കണ്ടെത്തുക. സാഹിത്യ അഭിരുചി വളർത്തുക. | **കുത്തെഴുത്ത്**<br>സ്വന്തം രചനക്ക് അവസരം നൽകുന്നു.<br>ആവശ്യമായ പിന്തുണ നൽകൽ<br>പതിപ്പ്<br>കുട്ടികളുടെ രചനകൾ ചേർത്ത് പതിപ്പ് പ്രകാശനം | എല്ലാ മാസവും<br><br>ഫെബ്രുവരി 21 | മലയാളം അധ്യാപകൻ | |
| കുട്ടികൾക്ക് കഥകൾ കേട്ട് ആസ്വദിക്കാനും അതുവഴി അവരെ വായനയുടെ ലോകത്തേക്ക് നയിക്കാനും | **വായനാലഹരി**<br>റേഡിയോ സ്റ്റേഷൻ വഴി കുഞ്ഞുകഥകൾ കേൾപ്പിക്കുന്നു.<br>കഥകൾ വായിക്കാൻ അവസരം. | എല്ലാ വെള്ളി | മലയാളം ക്ലബ് | |
| സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക. | പ്രസംഗം പരിശീലന കളരി, മികച്ച പ്രസംഗത്തിന്റെ ഓഡിയോ വീഡിയോ കേൾപ്പിക്കുന്നു.<br>വേദികളിൽ അവതരിപ്പിക്കാനുള്ള അവസരം. | ജൂലൈ-ജനുവരി | | |
| കുട്ടികളുടെ കലാവാസന പരിപോഷിപ്പിക്കൽ | **രംഗാവിഷ്കാരം**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട നാടകങ്ങൾ ചൊൽ ക്കാഴ്ച ഷോട്ട് ഫിലിം തുടങ്ങിയവ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക് വർഷം | അധ്യാപകർ | |
| | ചുമർ പത്രിക:- സ്കൂളിലെ / ക്ലാസിലെ പ്രധാന സംഭവങ്ങളും അടിസ്ഥാനമാക്കി തയ്യാറാക്കുന്നു. | മാസത്തിൽ ഒരിക്കൽ | അധ്യാപകർ | |

## പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനത്തോടൊപ്പം തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകുക. | • ചവിട്ടി നിർമ്മാണം, തുണി ഉപയോഗിച്ച് ചവിട്ടി നിർമ്മിക്കാൻ പരിശീലനം നൽകുന്നു. | 1 വർഷം | വർക്ക് എക്സ്പീരിയൻസ് ചുമതലയുള്ള അധ്യാപകർ | |
| | • ചോക്ക് നിർമ്മാണം- അധ്യാപകരുടെ നേതൃത്വത്തിൽ ചോക്ക് നിർമ്മാണത്തിനുള്ള പരിശീലനം നൽകുന്നു. | 1 വർഷം | പി.ടി.എ | |
| | • സോപ്പ് നിർമ്മാണം- രക്ഷിതാക്കളുടെ സഹായത്തോടെ കുട്ടികൾക്ക് സോപ്പ് നിർമ്മാണത്തിനുള്ള പരിശീലനം നൽകുന്നു. | 1 വർഷം | പി.ടി.എ | |
| | • കുട നിർമ്മാണം- കുട്ടികൾക്ക് കുട നിർമ്മാണത്തിനുള്ള പരിശീലനം നൽകുന്നു. | 1 വർഷം | പി.ടി.എ | |
| | • പ്രവൃത്തി പരിചയ ശിൽപശാല- മുകളിൽ പറഞ്ഞ നിർമ്മാണ പരിശീലനങ്ങൾ ഉൾക്കൊള്ളിച്ച് പ്രവൃത്തി പരിചയ ശിൽപ്പശാല സംഘടിപ്പിക്കുന്നു. | 1 ആഴ്ച | പി.ടി.എ | |

# അസംബ്ലി

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | വ്യക്തിത്വ വികസനം ഭാഷാനൈപുണി | ആഴ്ചയിൽ ഒരു ദിവസം എന്ന നിലയിൽ മാസത്തിൽ നാല് തവണ വിവിധ ഭാഷകളിൽ അസംബ്ലി (മലയാളം, ഇംഗ്ലീഷ്, ഹിന്ദി, അറബി) | 2025 മുതൽ | PET, English Teachers, Hindi, Teachers, Arabi Teachers |
| | സ്കൂളിൽ അച്ചടക്കം | പ്രസ്തുത അസംബ്ലിയിൽ കുട്ടികൾക്ക് പ്രധാനവാർത്തകൾ വായിക്കാൻ അവസരം നൽകുക വഴി വ്യക്തിത്വവികസനം കൈവരിക്കാൻ അവസരം നൽകുന്നു. | | |
| | | അസംബ്ലി പത്ത് മിനുട്ടിൽ ഉൾക്കൊള്ളിയ്ക്കുന്നു | | |

# ദൃശ്യ വിസ്മയം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും ഐ. സി. ടി. സഹായത്തോടെ പഠനം ഉറപ്പാക്കൽ | ഓരോ ക്ലാസിലേക്കും വേണ്ട റിസോഴ്സ് സി.ഡി. തയ്യാറാക്കൽ | ഒന്നാം ടേം മേയ്, രണ്ടാം ടേം ആഗസ്റ്റ് മൂന്നാം ടേം ഡിസംബർ | വിഷയാധ്യാപകർ | പി. ടി.എ |
| | വിവരസാങ്കേതികതയെകുറിച്ച് കൂടുതൽ അറിവു നേടൽ | ഐ. ടി. ക്ലബ്ബ് രൂപീകരണം, ക്വിസ് പ്രോഗ്രാം | ജൂൺ മാസം മുതൽ ഓരോ മാസത്തിലെ ആദ്യത്തെ തിങ്കൾ | ഐ.ടി. ചുമതലയുള്ള അധ്യാപകർ, ഐ.ടി. ക്ലബ് | |

# ശുചിത്വ മിഷൻ 2025 – 2026

| വികാസവിദ്യാലയത്തിൽ നിന്ന് (ശുചിത്വം) | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| വ്യക്തി ശുചിത്വം | • ഓരോ മാസത്തിലും വരുന്ന ആരോഗ്യ ദിനാചരണങ്ങൾ നടത്തൽ. ഒരു യോഗ വിദഗ്ധന്റെ സഹായത്തോടെ യോഗ ക്ലാസുകൾ നടത്തൽ. | ജൂൺ മാർച്ച് | SSSS | |
| | • ക്ലാസ് തലത്തിൽ ശുചിത്വ മത്സരം.<br>• വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര കുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. | ജൂൺ മാർച്ച് | SSSS | |
| ക്ലാസ് ശുചിത്വം | • സ്കൂൾ, ക്ലാസ് റൂം ശുചിത്വം നടപ്പിലാക്കൽ<br>• ഒക്ടോബർ 2 ശുതിത്വവാരം ആഘോഷിക്കുന്നു. | ജൂൺ മാർച്ച് | ശുചിത്വ മിഷൻ | |
| | • ഓരേ ക്ലാസിനു മുന്നിലും വലിയ ബക്കറ്റ് നിക്ഷേപിക്കുന്നു. (പേപ്പറുകൾ മാത്രം നിക്ഷേപിക്കാൻ)<br>• ഓരോ ക്ലാസിലും ശുചിത്വത്തിനാവശ്യമായ ചൂലും ബാസ്ക്കറ്റും വേണം.<br>• അവരവരുടെ ക്ലാസും വരാന്തയും വൃത്തിയാക്കൽ. | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ | |
| സ്കൂൾ പ്ലാസ്റ്റിക് | • സ്കൂൾ സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത മേഖലയാക്കുന്നു. സ്കൂളിൽ വിതരണം ചെയ്യുന്ന പാലിന്റെ കവർ കഴുകി ഉണക്കി ഹരിതകർമസേനക്ക് കൊടുക്കുന്നു. | ജൂൺ മാർച്ച് | SSSS | |